പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3265 10.12.2018-ലെ മറുപടിക്ക്

'റവന്യൂ രേഖകളിൽ ചെറുകിട കർഷകരുടെ തോട്ടം'

ചോദ്യം
ശ്രീ.പി.സി.ജോർജ്

മറുപടി
ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റവന്യൂ രേഖകളിൽ ചെറുകിട കർഷകരുടെ വസ്തു തെറ്റായി തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് മൂലം വീട് വെയ്ക്കുന്നതിനും സ്ഥലം പോക്ക് വരവ് ചെയ്ത് ലഭിക്കുന്നതിനും തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) | ഉണ്ട്. അത്തരം പ്രശ്നങ്ങൾ പ്രധാനമായും കോട്ടയം ജില്ലയിലാണ് കണ്ടുവരുന്നത്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12/07/2018, 13/07/2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26/08/2017-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽ നിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ ഉൾപ്പെടെയുള്ള റവന്യൂ റിക്കാർഡുകളിൽ Relis Data-യിലും തിരുത്തൽ വരുത്തുന്നതിനും സർവ്വെ വകുപ്പിൽ നിന്നും റീ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത വിഷയം പരിഹരിക്കുവാൻ രാഷ്ട്രീയ കക്ഷികളുടെ സർവ്വകക്ഷിയോഗം വിളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | നിലവിൽ തീരുമാനമെടുത്തിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഭൂമി ക്രയവിക്രയം ചെയ്യുവാനോ ബാങ്ക് ലോൺ എടുക്കുന്നതിനോ ഭൂവുടമകൾക്ക് സാധിക്കാത്തത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ? | (സി) | അത്തരം പ്രശ്നങ്ങൾ പ്രധാനമായും കോട്ടയം ജില്ലയിലാണ് കണ്ടുവരുന്നത്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12/07/2018, 13/07/2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26/08/2017-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്)നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽ നിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ ഉൾപ്പെടെയുള്ള റവന്യൂ റിക്കാർഡുകളിൽ Relis Data-യിലും തിരുത്തൽ വരുത്തുന്നതിനും സർവ്വെ വകുപ്പിൽ നിന്നും റീ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**